കി.മീ 5/000-8/414 (വർക്കിംഗ് ചെയിനേജ് 4/700-8/414)-ന് പുതുക്കിയ എസ്.ഒ.ആർ.(ഡി.എസ്.ആർ. -2014) പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

കരുനാഗപ്പള്ളി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുവഴി നടപ്പിലാക്കിയ പ്രവൃത്തികൾ

254 (1298) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വഴി എതെല്ലാം പ്രവൃത്തികൾ ആണ് കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കിയതെന്നും ഓരോന്നിനും എത്ര തുകയാണ് ചെലവഴിച്ചതെന്നും ഇവിടെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചതെന്നും ബാക്കിയുള്ളവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

ചേർത്തലയിൽ കരിപാമണ്ണയിൽ പാലം

255 (1299) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം, കരിമ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ച് തുതപ്പുഴയിൽ കരിപാമണ്ണയിൽ പാലം നിർമ്മിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന് ഭരണാനുമതി നല്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്നതിന്റെ വിശദാംശം നൽകാമോ ?

ഉത്തരം

(എ-ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly